# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 43

26/09/2016-ന് മറുപടിക്ക്

## സർക്കാരാഫീസുകളിലെ ഒഴിവുകളുടെ എണ്ണം

**ചോദ്യം**

ശ്രീ.ജി.എസ്.ജയലാൽ

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | സർക്കാരാഫീസുകളിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുവാൻ ഈ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | (എ) | പി.എസ്.സി. റാങ്ക് പട്ടിക നിലവിലുള്ള എല്ലാ ഒഴിവുകളും 3.6.2016-നകം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു പുറമെ 2017 -ൽ ഉണ്ടായേക്കാവുന്ന ഒഴിവുകളുടെ (പ്രതീക്ഷിത) വിവരം 2016 സെപ്റ്റംബർ 30 ന് മുമ്പ് റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | മേൽ വിഷയത്തിൽ ഉദ്യോഗാർത്ഥികളുടെ ഭാഗത്ത് വ്യാപകമായ പരാതി നിലനിൽക്കുന്ന കാര്യം പരിഗണിക്കുമോ ; | (ബി) | ഉദ്യോഗാർത്ഥികളുടെ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുമ്പോൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം ആയത് പൂർണ്ണതോതിൽ പ്രാവർത്തികമാക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സന്നദ്ധമാകുമോ ? | (സി) | ഒഴിവുകൾ തരംതിരിച്ച് കണക്കാക്കുന്നതിനും, യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനും നികത്തുന്നതിനും ഒരു കമ്പ്യൂട്ടർ അധിഷ്ഠിത സ്ഥിരം നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ